(എഫ്) എങ്കിൽ ആ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ ടെസ്റ്റ് അവസാനമായി നടത്തിയത് 20.6.99-ലാണ്. 2000-ത്തിലെ ടെസ്റ്റ് യഥാസമയം നടത്താൻ നടപടി സ്വീകരിച്ചു വരുന്നു.

(സി) ഇല്ല.

(ഡി) ക്രിമിനൽ കേസിൽപ്പെട്ടവരെ പ്രൊമോട്ടു ചെയ്യാറില്ല. വിജിലൻസ് അന്വേഷണം പി.ആർ ഇവയിൽ ഏതെങ്കിലും ഉൾപ്പെട്ടിട്ടുള്ളവരെ ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി കൂടുമ്പോൾ മറ്റു തരത്തിൽ അവർ യോഗ്യരാണെങ്കിൽ അവരെ സോപാധികമായി ലിസ്റ്റിൽ ഉൾപ്പെടുത്തുകയും അന്വേഷണം തീരുന്ന മുറയ്ക്ക് അതിന്റെ തീർപ്പിനെ അടിസ്ഥാനപ്പെടുത്തി പ്രൊമോട്ടു ചെയ്യുകയും ചെയ്യും.

(ഇ)&(എഫ്) 1958-ലെ കേരളാ സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾ 28 (ബി) (1) 7 നോട്ട് അഞ്ച് പ്രകാരം, ഒരു ഉദ്യോഗസ്ഥനെ പ്രൊമോഷന് പരിഗണിക്കുമ്പോൾ, അയാൾക്ക് കിട്ടിയതോ കിട്ടാൻ പോകുന്നതോ ആയ സെൻഷ്വറോ, വാണിങ്ങോ കണക്കിലെടുക്കേണ്ടതില്ല എന്ന വ്യവസ്ഥയുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇൻക്രിമെന്റ് തടയൽ ഉൾപ്പെടെയുള്ള മറ്റു ശിക്ഷകൾ കിട്ടിയ വ്യക്തികൾക്ക് പ്രൊമോഷൻ നൽകാൻ പാടില്ല എന്ന് വിവക്ഷിക്കാവുന്നതാണ്. പ്രസ്തുത നോട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

പോലീസ് കോൺസ്റ്റബിൾമാരുടെ പ്രൊമോഷൻ

(1584) ശ്രീ. കെ. ബാബു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് കോൺസ്റ്റബിൾമാരുടെ പ്രൊമോഷന്റെ മാനദണ്ഡം എന്താണെന്ന് വിശദീകരിക്കുമോ;

(ബി) കോൺസ്റ്റബിളായി നിയമിക്കപ്പെട്ടവർക്ക് കാൽ നൂറ്റാണ്ടായിട്ടും ഓഫീസർ റാങ്കിലേക്ക് പ്രൊമോഷൻ ലഭിക്കാത്ത സാഹചര്യം പോലീസ് വകുപ്പിൽ നിലവിലുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്ത്;

(ഡി) കാൽ നൂറ്റാണ്ടിലെ സർവ്വീസിന് ശേഷം കോൺസ്റ്റബിളായി സർവ്വീസിൽ തുടരുന്ന എത്ര പേർ പോലീസ് വകുപ്പിൽ ഉണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ജനറൽ എച്ച്.സി. ടെസ്റ്റ് പാസായ ലോക്കൽ പോലീസ് കോൺസ്റ്റബിൾമാരെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഒഴിവുകളുടെ ലഭ്യതയനുസരിച്ച് എച്ച്.സി.മാരായി പ്രൊമോട്ട് ചെയ്യുന്നു.

(ബി)ആന്റ്(സി) കോൺസ്റ്റബിളായി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് 9 മാസത്തെ പരിശീലനത്തിനുശേഷം ബറ്റാലിയനിൽ നിയമനം നൽകുകയും

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

തുടർന്ന് ജില്ലാ സായുധ സേനയിൽ ഒഴിവുണ്ടാകുന്ന മുറയ്ക്ക് ആംഡ് റിസർവിലേയ്ക്കും അവിടെ നിന്ന് ലോക്കൽ വേക്കൻസി ഉണ്ടാകുന്ന മുറയ്ക്ക് ലോക്കൽ പോലീസിലേയ്ക്കും മാറ്റം നൽകുന്നു. ലോക്കൽ പോലീസിൽ മൂന്നു വർഷം സർവ്വീസ് പൂർത്തിയാക്കുമ്പോൾ കോൺസ്റ്റബിൾമാർ എച്ച്. സി. ടെസ്റ്റ് എഴുതാൻ യോഗ്യരാകുന്നു. പ്രസ്തുത ടെസ്റ്റ് എഴുതാൻ താൽപര്യമുള്ളവരിൽ നിന്ന് സമ്മതപത്രം സ്വീകരിച്ചശേഷം അവരെ എച്ച്.സി. ടെസ്റ്റ് എഴുതാൻ അനുവദിക്കുകയും അതിൽ വിജയിക്കുന്നവരെ ഒഴിവുണ്ടാകുന്ന മുറയ്ക്ക് ഹെഡ് കോൺസ്റ്റബിൾ തസ്തികയിലേക്ക് പ്രൊമോഷൻ നൽകുകയും ചെയ്യുന്നു. തുടർന്ന് സീനിയോറിറ്റി അനുസരിച്ച് വേക്കൻസിയുടെ അടിസ്ഥാനത്തിൽ ഇവർക്ക് എ.എസ്.ഐ. റാങ്കിലേക്കും അതിനുശേഷം എസ്.ഐ. റാങ്കിലേക്കും പ്രൊമോഷൻ നൽകി വരുന്നു. ഇപ്രകാരം എ.എസ്. ഐ., എസ്.ഐ. തസ്തികകളിലേക്ക് പ്രൊമോഷൻ ലഭിക്കാനെടുക്കുന്ന കാലം കാൽ നൂറ്റാണ്ടിനകത്തും ചില സന്ദർഭങ്ങളിൽ അതിന് മുകളിലും ആകാറുണ്ട്. എച്ച്.സി.ടെസ്റ്റ് പാസാകാൻ കാലതാമസം ഉണ്ടാകുന്നതും, എസ്. ഐ.തസ്തികയിലെ (ലോക്കൽ വിഭാഗം) 50% ഒഴിവുകളിൽ പി.എസ്.സി. മുഖേന നേരിട്ട് നിയമനം നടത്തുന്നതും പ്രൊമോഷൻ കാലതാമസം ഉണ്ടാവാൻ കാരണമാകാറുണ്ട്.

(ഡി) 1372 പേർ.

ക്യാമ്പ് ഫോളോവേഴ്സ് ആയി ജോലി നോക്കുന്നവർ

(1587) ശ്രീ. കെ. ബാബു :

ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിൽ പല വിഭാഗങ്ങളിലായി ക്യാമ്പ് ഫോളോവേഴ്സ് ആയി ജോലി നോക്കുന്നവർ എത്ര പേരുണ്ട്;

(ബി) ഇവരെ സേനാ വിഭാഗത്തിലാണോ മിനിസ്റ്റീരിയൽ വിഭാഗത്തിലാണോ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇവർക്കു നൽകിവരുന്ന ശമ്പളവും മറ്റു ആനുകൂല്യങ്ങളും ഏതു വിഭാഗത്തിന്റേതാണ്;

(ഡി) പോലീസ് സേനാവിഭാഗത്തിന്റെ പ്രത്യേക റൂൾസ് ഇവർക്ക് ബാധകമാണോ;

(ഇ) പോലീസ് ഉദ്യോഗസ്ഥന്മാരുടെ പ്രത്യേക താൽപര്യങ്ങൾക്കനുസൃതമായോ കുടുംബപരമായ ആവശ്യങ്ങൾക്കോ ഇവരുടെ സേവനം ഉപയോഗിക്കുന്നുണ്ടോ;

(എഫ്) ഡിപ്പാർട്ടുമെന്റിന്റേതായ ഉദ്യോഗക്കയറ്റം ഇവർക്കു നൽകാറുണ്ടോ?

ഉത്തരം

(എ) 913 പേർ.

(ബി) പോലീസ് സേനയുടെ പ്രത്യേക റൂൾസിൽ ഇവർ ഉൾപ്പെടുന്നില്ല. മിനിസ്റ്റീരിയൽ വിഭാഗത്തിലും ഇവർ ഉൾപ്പെടുന്നില്ല. ക്യാമ്പ് ഫോളോവർമാർ പോലീസ് വകുപ്പിൽ മാത്രമുള്ള തസ്തികയാണെന്നും മറ്റു വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡുകാരുമായി ഇവരെ താരതമ്യം ചെയ്യാൻ പാടില്ലെന്നും

LIBRARY ARCHIVES Kerala Legislative Assembly